പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 336 — 10.04.2013 - ൽ മറുപടിയ്ക്ക്

## വൃക്കരോഗികൾക്കായി പെൻഷൻ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാമിഷൻ വൃക്കരോഗികൾക്കായി പെൻഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. കിഡ്നിക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രതിമാസം 525/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന സമാശ്വാസം പദ്ധതി നിലവിലുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഏതെല്ലാം വൃക്കരോഗികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന വൃക്കരോഗികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബാംഗമായിരിക്കണം.<br>ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്ക രോഗ വിദഗ്ദ്ധർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.<br>ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്ന രോഗി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയക്കുശേഷമുള്ള Immuno suppressive Treatment എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കൂടുതലാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>മറ്റ് ധനസഹായം ലഭ്യമാകുന്ന വൃക്കരോഗികൾക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. |

| | | | |
|---|---|---|---|
| (ഡി) | ഇതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശ ങ്ങൾ എന്തെല്ലാം? | (ഡി) | ഉണ്ട്. സാമൂഹ്യനീതി വകുപ്പിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. ധനസഹായത്തിന് അർഹതയുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം ആവശ്യമായ രേഖകൾ സഹിതം ശിശു വികസന പദ്ധതി ആഫീസർക്ക് സമർപ്പി ക്കണം. രോഗി പ്രതിമാസം ഡയാലി സിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ / സ്വകാര്യ ആശുപത്രി യിലെ വൃക്കരോഗ വിദഗ്ദ്ധർ നൽകുന്ന സർട്ടിഫിക്കറ്റ്, രോഗി ബി.പി.എൽ. കുടുംബാംഗമാണെന്ന് തെളിയിക്കുന്ന ബി.പി.എൽ റേഷൻ കാർഡിന്റെ ഗസറ്റഡ് ആഫീസർ അറ്റസ്റ്റ് ചെയ്ത കോപ്പി / തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി നൽകുന്ന ബി.പി.എൽ. സർട്ടി ഫിക്കറ്റ് എന്നിവ ഹാജരാക്കണം. |

R. Vijayakumar

സെക്ഷൻ ഓഫീസർ